പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 713 — 30-06-2011-ൽ മറുപടിക്ക്

## മാതൃകാ ബിരുദ കോളേജ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ:<br>" എം.ഉമ്മർ:<br>" സി.മമ്മൂട്ടി:<br>" എൻ.ഷംസുദ്ദീൻ: | പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |

| | |
|---|---|
| എ) മാതൃകാ ബിരുദ കോളേജ് പദ്ധതിയിൽ കേരളം ഉൾപ്പെടുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | ബി) സംസ്ഥാനത്ത് 4 മാതൃകാ കോളേജുകൾ ആരംഭിക്കുന്നതിന് വേണ്ടി കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 4 മാതൃകാ കോളേജുകൾ തുടങ്ങുന്നതിന് വേണ്ടിയുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ യു.ജി.സി.ക്ക് നൽകിയിട്ടുണ്ട്. |
| സി) ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന ജില്ലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സി) കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളെയാണ് പ്രസ്തുത മാതൃകാ കോളേജുകൾ ആരംഭിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| ഡി) ഈ ജില്ലകളിൽ എത്ര കോളേജുകൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | ഡി) കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ മാതൃകാ കോളേജുകൾ വീതം തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | |
|---|---|
| ഇ) ഇവിടെ ഈ പദ്ധതി ഇതേവരെ ആരംഭിക്കാതിരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ഇ) കേന്ദ്രസർക്കാരിന്റെ ഈ പദ്ധതി പ്രകാരമുള്ള ഒരു മാതൃകാ കോളേജ് സ്ഥാപിക്കുന്നതിന് 8 കോടി രൂപയാണ് ആവർത്തനരഹിത ചെലവായി കണക്കാക്കിയിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ ധനസഹായം ആവർത്തനരഹിത ചെലവിന്റെ മൂന്നിലൊന്നായി നിജപ്പെടുത്തിയിരിക്കുന്നു. കേന്ദ്രസർക്കാർ ഒരു കോളേജിനു 2.67 കോടി രൂപ അനുവദിക്കുമ്പോൾ ബാക്കിവരുന്ന ധനസഹായം 5.33 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കാൻ ബാധ്യസ്ഥമാണ്. ഇതുകൂടാതെ ആവർത്തന ചെലവും 5 ഏക്കർ സ്ഥലവും സംസ്ഥാന സർക്കാർ വഹിക്കണം. ഇതിനു ഗ്യാരണ്ടിയായി ഒരു ധാരണാപത്രം ഒപ്പിടുകയും വേണം. <br> കേരളമുൾപ്പെടെ പല സംസ്ഥാനങ്ങളും 2010-ലെ CABE (സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷൻ) മീറ്റിംഗിൽ ബഹു.കേന്ദ്രമാനവവിഭവശേഷി മന്ത്രിയോട് സംസ്ഥാനങ്ങൾക്കുള്ള ധനസഹായ അനുപാതം 'മൂന്നിൽ രണ്ട്' എന്നത് 'മൂന്നിൽ ഒന്ന്' എന്ന് ആക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ ഈ അനുപാതത്തിൽ ഇതുവരെയും ഒരു മാറ്റവും വരുത്തിയിട്ടില്ല. അതിനാൽ കേരളമുൾപ്പെടെ പല സംസ്ഥാനങ്ങളും ഈ പദ്ധതിപ്രകാരമുള്ള ബാക്കി നടപടികൾ ഇതുവരെയും തുടങ്ങിയിട്ടില്ല. |
| എഫ്) എത്രയും വേഗം പദ്ധതി പ്രാവർത്തികമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | എഫ്) ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് പ്രൊപ്പോസലുകൾ യു.ജി.സി.ക്ക് സമർപ്പിച്ചിരിക്കുകയാണ്. യു.ജി.സി.യിൽ നിന്ന് മോഡൽ ഡിഗ്രി കോളേജിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ അന്തിമതീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ